(19) ശമ്പള പരിഷ്കരണം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. കെ. നാരായണനും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. സണ്ണി ജോസഫ് : സർ, എന്റെ മണ്ഡലമായ പേരാവൂർ നിയോജക മണ്ഡലത്തിലെ ആറളം പഞ്ചായത്തിലാണ് ആറളം ഫാം സ്ഥിതി ചെയ്യുന്നത്. ആറളം ഫാം കേന്ദ്ര ഫാമിംഗ് കോർപ്പറേഷനിൽനിന്ന് സംസ്ഥാന സർക്കാർ ഏറ്റെടുത്തുവെങ്കിലും അവിടത്തെ തൊഴിലാളികൾക്കും ജീവനക്കാർക്കും കേന്ദ്ര-സംസ്ഥാന ഫാമുകളുടെ ശമ്പള പരിഷ്കരണമൊന്നും ലഭ്യമല്ല. ദീർഘനാളായി ന്യായയുക്തമായ ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തൊഴിലാളികളും ജീവനക്കാരും രാഷ്ട്രീയവ്യത്യാസമില്ലാതെ എല്ലാ സംഘടനകളും യോജിച്ചുകൊണ്ട് പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുകയാണ്. 225 തൊഴിലാളികൾ ജൂലൈ 1 മുതൽ അനിശ്ചിതകാല സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഫാമിലെ നടീൽവസ്തുക്കൾ പുറമേ കൊണ്ടുപോയി കച്ചവടം നടത്തേണ്ടതും അതുപോലെ കൃഷി ചെയ്യേണ്ടതും മഴക്കാലത്താണ്. സമരംമൂലം നടീൽവസ്തുക്കൾ കൊണ്ടു പോകുന്നതുൾപ്പെടെയുള്ള ഫാമിന്റെ പ്രവർത്തനങ്ങൾ സാരമായി തടസ്സപ്പെട്ടിരിക്കുകയാണ്. തൊഴിലാളികൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ ന്യായയുക്തം തന്നെയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ നവംബർ മാസത്തിൽ യോഗം വിളിച്ചുചേർക്കുകയും തൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ബഹുമാനപ്പെട്ട പട്ടികവർഗ്ഗ വകുപ്പുമന്ത്രിയും നിയോജക മണ്ഡലം എം.എൽ.എ. എന്ന നിലയിൽ ഞാനും അവിടത്തെ തൊഴിലാളി പ്രതിനിധികളും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പടെയുള്ള എല്ലാവരും ഉണ്ടായിരുന്നു. സാമ്പത്തിക തടസ്സങ്ങൾ പറഞ്ഞുകൊണ്ട് ആ യോഗത്തിലെടുത്ത തീരുമാനങ്ങൾ പലതും നടപ്പിലാക്കുന്നില്ല. സംസ്ഥാന സർക്കാർ ഫാമിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളോ കേന്ദ്ര ഗവൺമെന്റ് ഫാമിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളോ ലഭിക്കാത്ത സാഹചര്യത്തിൽ അവിടെ സമരം നടക്കുകയാണ്. ആ സമരം അവസാനിപ്പിക്കാനും പട്ടികവർഗ്ഗത്തിൽപ്പെട്ട കാഷ്വൽ ലേബേഴ്സ് ഉൾപ്പടെയുള്ള തൊഴിലാളികൾക്കും ജീവനക്കാർക്കും അർഹമായ ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം എത്രയും വേഗം നൽകാനും ഗവൺമെന്റ് തലത്തിൽ അടിയന്തര നടപടി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് ഒരു കീഴ്വഴക്കമായി എടുക്കരുത്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ശ്രീ. കെ. കെ. നാരായണന് ഒരു മിനിറ്റ് സംസാരിക്കാം.

ശ്രീ. കെ. കെ. നാരായണൻ: സർ, 2013 നവംബർ മാസം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒത്തുതീർപ്പുണ്ടായതാണ്. ആ ഒത്തുതീർപ്പ് ഉത്തരവായി വന്നിരുന്നുവെങ്കിൽ അവരുടെ ശമ്പളവർദ്ധനവ് നടക്കുമായിരുന്നു. അത് ധനകാര്യ വകുപ്പ് തടഞ്ഞുവച്ചിരിക്കുകയാണ്. അതുകൊണ്ട് അക്കാര്യത്തിൽ ധനകാര്യ വകുപ്പ് അനുമതി കൊടുക്കണം, മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) : സർ, ആറളം ഫാമിലെ തൊഴിലാളികളുടെ വേതന പരിഷ്കരണം, കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ എന്നിവ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-11-2013-ൽ ചേർന്ന യോഗത്തിൽ ചില തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. ഇതിനകം 240 പ്രവൃത്തിദിവസം പൂർത്തീകരിച്ച ആദിവാസി വിഭാഗത്തിൽപ്പെട്ട 73 കാഷ്വൽ തൊഴിലാളികളെ ഫാമിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്താനും വേതന പരിഷ്കരണത്തിനായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൻമേൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് എത്രയുംവേഗം തീരുമാനം കൈക്കൊള്ളാനും ധാരണയായിരുന്നു. കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ആറളം ഫാമിലെ തൊഴിലാളികൾക്ക് വേതന പരിഷ്കരണം നടപ്പിലാക്കുന്നതുവരെ നിലവിലുള്ള ശമ്പളത്തിന്റെ 20 ശതമാനം ഇടക്കാല ആശ്വാസമായി നൽകുന്നതാണ്.

(20) ഗിരിവർഗ്ഗ കോളനിയിലേക്ക് വൈദ്യുതിലൈൻ സ്ഥാപിക്കൽ

ശ്രീ. സാജുപോൾ : സർ, എന്റെ നിയോജക മണ്ഡലത്തിലെ വേങ്ങൂർ ഗ്രാമപഞ്ചായത്ത് കണ്ണംപറമ്പ് വാർഡിലുൾപ്പെട്ട പോങ്ങൻചുവട് ഗിരിവർഗ്ഗ കോളനി നിവാസികളായ 106 കുടുംബങ്ങൾ വലിയ ദുരിതത്തിലാണ്. ഇടമലയാറിൽനിന്ന് പത്ത് കിലോമീറ്റർ ദൂരമുള്ള കോളനിയിലേക്ക് എത്തിച്ചേരുന്നത് വലിയ ദുഷ്കരമാണ്. റോഡിലുണ്ടായിരുന്ന അഞ്ച് കലുങ്കുകൾ തകർന്നുകിടക്കുകയാണ്. ഇതുവരെ വൈദ്യുതിയും ലഭിച്ചിട്ടില്ല. ഈ അവസ്ഥയിൽ പ്രതിഷേധിച്ച് ബഹുഭൂരിപക്ഷം കോൺഗ്രസ് അനുഭാവികളായ കോളനി നിവാസികളും ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ട് ബഹിഷ്കരിച്ചു. ഇന്ത്യയിൽത്തന്നെ പൂർണ്ണമായും തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ച